**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 587** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി ഡയറക്ടറേറ്റിലെ ആരോപണവിധേയർക്കെതിരെയുള്ള അന്വേഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ലോട്ടറി വകുപ്പ് ഡയറക്ടറേറ്റിലെ ഒരു ജീവനക്കാരൻ നിയമവിരുദ്ധമായി ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് അനധികൃതമായി ജീവനക്കാരുടെ ഇൻക്രിമെന്റ് പാസാക്കുക, ലീവ് അനുവദിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിന്മേൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ക്രമക്കേട് നടത്തിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ ക്ലർക്ക് ശ്രീ.സംഗീത് കെ.യെ സേവനത്തിൽ നിന്ന് സസ്‌പെന്റ് ചെയ്യുകയും ടിയാനെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, 1960 പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ കേസിൽ ടിയാനെതിരെ മ്യൂസിയം പോലീസ് 758/2025 പ്രകാരം FIR രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** സമ്മാനർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഇത്തരത്തിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** സമ്മാനാഹാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടില്ല.

**(സി)** ഇത്തരത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സമ്മാനാഹാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**